# ശ്രീമദ് സുധീന്ദ്രതീർത്ഥ സ്വാമിജിയും സുകൃതീന്ദ്ര ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും

*ഡോ. വി. നിത്യാനന്ദ ഭട്ട്*

ധർമ്മഗുരു ശ്രീമദ് സുധീന്ദ്രതീർത്ഥ സ്വാമിജി ശ്രീകാശിമഠ സംസ്ഥാനത്തിന്റെ മഠാധിപതിയായത് മുതൽ ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിനെ അവിടുത്തെ നിസ്സീമമായ സ്നേഹത്തോടും അർപ്പണബോധത്തോടും വ്യക്തമായ കാഴ്ചപ്പാടോടും കൂടി നയിച്ചു. സ്വാമികൾ കാശിമഠ സംസ്ഥാനത്തിന് പുതിയ ഒരു ദിശാബോധം നൽകുകയും അതിന് അനിതരസാധാരണമായ ഒരു സ്ഥാനവും മാനവും കൽപ്പിച്ചു നൽകുകയും ചെയ്തു. ധർമ്മഗുരുവായ സ്വാമികൾ, അവിടുത്തെ ജീവിതത്തിലുടനീളം സമുദായത്തിന്റെ ആത്മീയവും, ധാർമ്മികവും മതപരവും ഭൗതികവുമായ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി പ്രയത്നിച്ചു. മഠത്തിന്റെ വിവിധ ശാഖകളിലും ക്ഷേത്രങ്ങളിലും സ്വാമികൾ നടത്തിയ പ്രവചനങ്ങൾ സമുദായത്തിന്റെ ഉദ്ധാരണത്തിന് അവിടുത്തേയ്ക്കുള്ള താത്പര്യം വിളിച്ചോതുന്നു. സ്വാമിജിക്ക് അവിടുത്തെ ശിഷ്യഗണങ്ങളോടുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും തീവ്രത അദ്ദേഹത്തിന്റെ ഓരോ പ്രവചനത്തിലും പ്രതിഫലിച്ചു. സ്വാമിജിയുടെ പ്രഭാഷണം

ആരംഭിച്ചിരുന്നത് ഭഗവാൻ നാരായണനെ സ്മരിച്ച് ശിഷ്യവൃന്ദത്തെ അനുഗ്രഹിച്ചും അവസാനിച്ചിരുന്നത് അവരുടെ യോഗക്ഷേമത്തിന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടുമായിരുന്നു.

ആരാധ്യദേവനായ ശ്രീവ്യാസരഘുപതിക്ക് ത്രികാലപൂജകൾ നിർവ്വഹിച്ച് നിരന്തരം യാത്രചെയ്ത് ഭാരതത്തിന്റെ നാനാഭാഗത്തു നിന്നുമുള്ള ഭക്തജനങ്ങളെ സന്ദർശിച്ച് ആത്മീയപ്രഭാഷണങ്ങൾ നടത്തി, ശിഷ്യരുടെ വാക്കുകൾ ശ്രവിച്ച്, അവർക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുന്നതിനോടൊപ്പം സ്വാമിജി ധാരാളം വികസന പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി. സ്വാമിജി മഠാധിപതിയാകുമ്പോൾ കാശിമഠത്തിന് 13 ശാഖകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്വാമിജി ഭാരതത്തിൽ ഉടനീളമായി 22 ശാഖകൾ കൂടി സ്ഥാപിച്ചതോടെ മഠത്തിന്റെ ശാഖകൾ 35 ആയി ഉയർന്നു. ഇതിനുപുറമെ ധാരാളം ക്ഷേത്രങ്ങളിൽ സ്വാമികൾ ബിംബപ്രതിഷ്ഠ നിർവ്വഹിക്കുകയുണ്ടായി. സമുദായത്തിന്റെ ഉന്നമനത്തിനായി വിവിധ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ സ്വാമിജി ശിഷ്യരെ പ്രോത്സാഹിപ്പിച്ചു. സുകൃതീന്ദ്ര ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് അവയിൽ പ്രഥമ ഗണനീയം ആണ്. സ്വാമിജിയുടെ സന്യാസസ്വീകാരത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ഭാരതീയസംസ്കൃതി, സംസ്കൃതഭാഷ, ശാസ്ത്രങ്ങൾ എന്നിവയിൽ ഉന്നതവിദ്യാഭ്യാസവും ഗവേഷണവും നടത്താൻ ഒരു കേന്ദ്രം സ്ഥാപിക്കണമെന്ന് സ്വാമിജി ആഗ്രഹിച്ചു. നമ്മുടെ ശാസ്ത്രങ്ങൾ പ്രായോഗിക വിജ്ഞാനത്തിന്റെ അക്ഷയഖനി യാണെന്നും മനുഷ്യന്റെ പ്രവർത്തനങ്ങളുടെ സമസ്തമേഖലകളും അവ എത്തിപ്പിടിക്കുന്നുവെന്നും, കാലാതീതങ്ങളായ ആ സത്യങ്ങളെ ആധുനികശാസ്ത്രത്തിന് പൂർണമായും അറിയുവാൻ സാധിക്കാത്തതുകൊണ്ട് ഭാവിതലമുറകൾക്കായി അവ

സംരക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണെന്നും സ്വാമിജി വിശ്വസിച്ചു. ഈ ഗവേഷണകേന്ദ്രം സ്വാമിജിയുടെ ആരാധ്യഗുരുവായിരുന്ന ശ്രീമദ് സുകൃതീന്ദ്ര തീർത്ഥ സ്വാമിജിക്ക് സമർപ്പിക്കുവാനും ഇതിന്റെ സേവനം നൂറ്റാണ്ടുകളായി ഗൗഡസാരസ്വത ബ്രാഹ്മണസമുദായവുമായി സ്നേഹോഷ്മളമായ ബന്ധം കാത്ത് സൂക്ഷിക്കുന്ന കേരളീയസമൂഹത്തിനുള്ള സമ്മാനമായി നൽകുവാനും സ്വാമിജി തീരുമാനിച്ചു. ലോകവിജ്ഞാനത്തിന്റെ നിധിശേഖരത്തിന് പ്രാചീനഭാരതത്തിലെ സംസ്കൃതഭാഷയും ശാസ്ത്രങ്ങളും അമൂല്യസംഭാവനകൾ നൽകിയിട്ടുണ്ടെന്ന് സ്വാമിജി ചൂണ്ടിക്കാട്ടി. ശ്രീമദ് സുകൃതീന്ദ്രതീർത്ഥ സ്വാമികളുടെ ശിഷ്യനായിരുന്ന കാലയളവിൽ കൂടിയും വിശുദ്ധ ഗ്രന്ഥങ്ങളിൽ സ്വാമിജിക്ക് അഗാധമായ പ്രാവീണ്യം ഉണ്ടായിരുന്നുവെന്ന് ഈ സമയത്ത് ഓർമ്മിക്കേണ്ടതാണ്. ബ്രഹ്മസൂത്രം, ഭഗവദ്ഗീത, ഉപനിഷത്തുകൾ തുടങ്ങിയ ശാസ്ത്രവിഷയങ്ങളിൽ പാണ്ഡിത്യം നേടിയ സ്വാമിജി ശ്രീമധ്വാചാര്യരാൽ സ്ഥാപിതമായ ദ്വൈതസിദ്ധാന്തത്തിന് അദ്വിതീയമായ സ്ഥാനം കൽപിച്ചു. സ്വാമിജിയുടെ അന്വേഷണത്വര സ്വാമിജിയുടെ ഗുരുക്കന്മാരെപ്പോലും അമ്പരപ്പിച്ചിരുന്നു. സംസ്കൃതം, ഭാരതീയ സംസ്കാരം, പൈതൃകം തുടങ്ങിയ വിഷയങ്ങളിലെ പഠനത്തിന്റെ പ്രചരണം ലക്ഷ്യമിട്ട് വേദപുരുഷസേവാസംഘം എന്ന ഒരു പ്രസ്ഥാനം 1971ൽ കൊച്ചിയിൽ വെച്ച് സ്വാമിജിയുടെ നിർദ്ദേശപ്രകാരം സ്ഥാപിക്കുകയുണ്ടായി. കൊച്ചി തിരുമല ദേവസ്വം ക്ഷേത്രത്തിൽ സ്വാമിജിയുടെ നിർദ്ദേശപ്രകാരം ഒരു സംസ്കൃത പാഠശാല നിലവിൽ വന്നു. പരമ്പരാഗതമായ രീതിയിൽ സംസ്കൃതം പഠിക്കാനുള്ള വേദി പാഠശാലയിൽ ഒരുങ്ങി. ഗുരുകുല വിദ്യാഭ്യാസരീതിയിൽ

വേദപഠനം നടത്തുന്ന ശ്രീ ശ്രീനിവാസ നിഗമാഗമ പാഠശാലയും മംഗലാപുരത്ത് സ്വാമിജി സ്ഥാപിച്ചു. ഭാരതീയ വൈജ്ഞാനിക വിഷയങ്ങളായ സംസ്കൃതം, ഭാരതീയ തത്വജ്ഞാനം, സംസ്കാരം, ചരിത്രം, കല, വാസ്തുവിദ്യ തുടങ്ങിയ മേഖലകളിൽ ഗവേഷണം നടത്തുന്നതിനായി ഒരു സ്ഥാപനം സ്വാമിജി തിരുമനസ്സിൽ രൂപം നൽകുകയും സാക്ഷാത്കരിക്കുകയും ചെയ്തു. ആ സ്ഥാപനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പ്രധാനം ഭാരതത്തിന്റെ അമൂല്യമായ സാംസ്കാരിക പൈതൃകത്തെ സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു. പണ്ഡിതശ്രേഷ്ഠരുടെയും സമുദായത്തിലെ പ്രഗൽഭരുടെയും ഒരു സദസ്സ് സ്വാമിജിയുടെ സാന്നിദ്ധ്യത്തിൽ കൂടുകയും അത്തരം ഒരു സ്ഥാപനം ആരംഭിക്കുവാൻ തീരുമാനിക്കുകയും, അവിടുത്തെ ഗുരുതൃപ്പാദങ്ങളുടെ പാവനസ്മരണ നിലനിർത്തുന്നതിനായി അതിനെ സുകൃതീന്ദ്ര ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന് നാമകരണം ചെയ്യുകയും ചെയ്തു.

വേദപുരുഷസംഘത്തിന്റെ നേതൃത്വത്തിലാണ് ഈ സ്ഥാപനം ആരംഭിച്ചത്. മുഖ്യ രക്ഷാധികാരി ശ്രീമദ് സുധീന്ദ്ര തീർത്ഥ സ്വാമികൾ ആയിരുന്നു. കൊച്ചി യോഗ്യപൈ നാരായണ പൈ ട്രസ്റ്റ് കെട്ടിടത്തിലായിരുന്നു ആദ്യകാല പ്രവർത്തനം. സ്ഥാപനത്തിന്റെ ഉദ്ഘാടനം വൈ.എൻ.പി. ട്രസ്റ്റിൽ വെച്ച് സെപ്റ്റംബർ 4, 1971ന് അതിഗംഭീരമായി നടന്നു. ദീർഘനാളത്തെ ഒരു സ്വപ്നം യാഥാർത്ഥ്യമായതിലുള്ള സന്തോഷം പ്രകടിപ്പിച്ച സ്വാമികൾ സാർത്ഥകമായ ജീവിതത്തിന് അവശ്യം വേണ്ടുന്ന എല്ലാ അറിവും നൽകാൻ സാധിക്കുന്ന സംസ്കൃതം ഒരു ദേവഭാഷയും വേദഭാഷയുമാണെന്ന് അവിടുത്തെ സന്ദേശങ്ങളിൽ ഓർമ്മിപ്പിച്ചു.

ലോകസമാധാനത്തിന് സംഭാവന നൽകുവാനുതകുന്ന പ്രവർത്തനം കാഴ്ചവെച്ച് ഈ സ്ഥാപനം പേരും പെരുമയും നേടട്ടെ എന്നും അതിന് ശ്രീ വ്യാസ രഘുപതി അനുഗ്രഹിക്കട്ടേയെന്നും സ്വാമിജി ആശിർവ്വദിച്ചു.

പത്മഭൂഷൺ ഡോ. വി. രാഘവൻ സ്ഥാപനം ഉദ്ഘാടനം ചെയ്തു. പ്രമുഖ പണ്ഡിതശ്രേഷ്ഠരായ ശ്രീ. കെ.വി. അച്യുത പൊതുവാൾ അവർകളെയും സാഹിത്യകുശലൻ ശ്രീ. എ.ഡി. ഹരിശർമ്മ അവർകളെയും ചടങ്ങിൽ ആദരിച്ചു. തുടർന്ന് കേരളചരിത്രത്തെയും സംസ്കൃതഭാഷയെയും ആസ്പദമാക്കി നടന്ന സെമിനാറിൽ വിഖ്യാതപണ്ഡിതരായ ഡോ. പി.കെ. നാരായണ പിള്ളയും ശ്രീ. എൻ.വി. കൃഷ്ണവാര്യരും പങ്കെടുത്തു.

സംസ്കൃതവും മറ്റ് ഭാരതീയ വിഷയങ്ങളും പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും സ്ഥാപനം സൗകര്യം ഒരുക്കണമെന്ന് സ്വാമിജി ആവശ്യപ്പെട്ടിരുന്നു. വർഗ്ഗവർണ്ണ വ്യത്യാസമില്ലാതെ അറിവ് നേടാൻ ആഗ്രഹമുള്ള എല്ലാവർക്കും അത് ലഭ്യമാക്കണമെന്ന് സ്വാമിജി നിഷ്കർഷിച്ചിരുന്നു. കേരള സർവ്വകലാശാല സംസ്കൃതവകുപ്പ് റിട്ട. ഡീൻ ആയ ഡോ. എസ്. വെങ്കിട സുബ്രഹ്മണ്യ അയ്യർ, ഇന്ത്യൻ വാസ്തു ശാസ്ത്രത്തിന്റെ ആധികാരിക ശബ്ദമായ ഡോ. എൻ.വി. മല്ലയ്യ, രാഷ്ട്രപതി അവാർഡ് ജേതാവ് ശ്രീ അനന്ത ശർമ്മ ശാസ്ത്രി തുടങ്ങിയവർ സ്വാമിജിയുടെ സ്ഥാപനത്തിൽ സേവനം അനുഷ്ഠിക്കാൻ സന്നദ്ധരായി എത്തി. കൊച്ചി തിരുമല ക്ഷേത്രത്തിലെ സംസ്കൃത പാഠശാല ഗ്രന്ഥങ്ങളുടെയും താളിയോലകളുടെയും അമൂല്യശേഖരം സംഭാവന ചെയ്തു. കേരള ഹിസ്റ്ററി അസോസിയേഷനും ഓൾ കേരള സംസ്കൃത പരിഷത്തും സ്വാമിജിയുടെ ഈ സംരംഭത്തിന് പിന്തുണ നൽകി രംഗത്ത് വന്നു.

കേരള സർവ്വകലാശാല ഒട്ടും വൈകാതെ തന്നെ സംസ്കൃതഭാഷയുടെ ഗവേഷണകേന്ദ്രമായി സ്ഥാപനത്തെ അംഗീകരിച്ചു.

സ്വാമിജിയുടെ അരുമശിഷ്യനായ ഡോ. എസ്.എൻ. പടിയാർ അവർകളുടെ കുടുംബം സംഭാവന ചെയ്ത ഭൂമിയിൽ 1985ൽ സ്ഥാപനം മാറ്റി സ്ഥാപിക്കപ്പെട്ടു. അവിടുത്തെ ഗുരുദേവന്റെ നാമധേയത്തിൽ അറിയപ്പെടുന്നതുകൊണ്ട് ഈ സ്ഥാപനത്തിന്റെ നടത്തിപ്പിൽ സ്വാമിജിയുടെ പ്രത്യേകശ്രദ്ധ തന്നെ പതിഞ്ഞിരുന്നു. ശ്രീ വ്യാസരഘുപതിയും ശ്രീ വെങ്കടാചലപതിയും സരസ്വതിദേവിയും ഈ സ്ഥാപനത്തിന്മേൽ കാരുണ്യവർഷം ചൊരിയുന്നതായി സ്വാമിജി വിശ്വസിച്ചു. സ്ഥാപനത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി പ്രവർത്തിക്കാൻ സ്വാമിജി ഏവരെയും പ്രചോദിപ്പിച്ചു. സ്ഥാപനത്തിൽ നാമനിർദ്ദേശം ചെയ്യപ്പെട്ടവരോടും സേവനസന്നദ്ധരായി വന്നവരോടും അദ്ദേഹം ഇപ്രകാരം ആഹ്വാനം ചെയ്തു. “സ്ഥാപനത്തിന്റെ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുന്ന നിങ്ങൾക്കേവർക്കും കൂടുതൽ കാര്യക്ഷമമായും ഉണർവ്വോടും കൂടി പ്രവർത്തിക്കാൻ സാധിക്കട്ടെ! അപ്രകാരം ചെയ്യുന്നത് മൂലം എല്ലാ ഭാഗത്തുനിന്നും എല്ലാ പ്രകാരവുമുള്ള സഹകരണം നിങ്ങൾക്ക് നിർലോഭം ലഭിക്കുമാറാകട്ടെ എന്ന് നാം വ്യാസരഘുപതിയോടും പൂജ്യ ഗുരുവര്യരോടും ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.”

സ്വാമിജി സ്ഥാപനത്തിന്റെ ഉന്നമനത്തിനായി ശിഷ്യഗണങ്ങളെ പ്രചോദിപ്പിക്കുക മാത്രമല്ല ചെയ്തത് ആവശ്യം നേരിട്ട ഘട്ടങ്ങളിൽ സാമ്പത്തികസഹായവും അവിടുന്ന് ചെയ്തിരുന്നു. സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനായി ഒരു

സ്ഥിരവരുമാനത്തിനായുള്ള സംവിധാനംപോലും സ്വാമിജി ഒരുക്കി. സ്ഥാപനത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുന്നവരെ അഭിനന്ദിക്കുവാനും ആശിർവദിക്കുവാനും സ്വാമിജി എന്നും ശ്രദ്ധിച്ചു.

നമ്മുടെ ധർമ്മഗുരുവിന്റെ പ്രാർത്ഥനയാലും ആശിർവാദത്താലും സ്വാമിജിയുടെ സ്വന്തം വാക്കുകളിൽ പറഞ്ഞാൽ സ്ഥാപനത്തിന് ഒരു നിലനിൽപ് ഇന്ന് കൈവന്നിരിക്കുന്നു. ഗൗഡസാരസ്വത സമുദായത്തിന് ഒന്നടങ്കം അഭിമാനിക്കാവുന്ന തരത്തിലുള്ള ഒരു പ്രശസ്തി സ്ഥാപനം കൈവരിച്ചിരിക്കുന്നു. എറണാകുളത്ത് കുത്താപ്പാടിയിൽ ഒരു പഠനകേന്ദ്രത്തിന് അവശ്യം വേണ്ടുന്ന ശാന്തവും സൗമ്യവുമായ അന്തരീക്ഷത്തിൽ ഒരു മൂന്നുനില കെട്ടിടത്തിൽ ഇന്ന് ഈ സ്ഥാപനം പ്രവർത്തിക്കുന്നു. ഏകദേശം 15000 പുസ്തകങ്ങളും അമൂല്യങ്ങളായ നിരവധി താളിയോലഗ്രന്ഥങ്ങളും ഇവിടെ സൂക്ഷിച്ചിരിക്കുന്നു. ബൃഹത്തായ ഒരു വായനശാല സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. ധാരാളം സെമിനാറുകൾക്ക് വേദിയായ ശ്രീ സുകൃതീന്ദ്ര കോൺഫറൻസ് ഹാൾ സ്ഥാപനത്തിന്റെ മറ്റൊരു സവിശേഷതയാണ്. ശ്രീമദ് സുകൃതീന്ദ്ര തീർത്ഥ സ്വാമിജിയുടെയും ശ്രീമദ് സുധീന്ദ്ര തീർത്ഥ സ്വാമിജിയുടെയും ചിത്രങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്ന മനോഹരമായ ഒരു ഫോട്ടോഗാലറി കോൺഫറൻസ് ഹാളിലുണ്ട്. കേരള സർവകലാശാലയും മഹാത്മാഗാന്ധി സർവകലാശാലയും സ്ഥാപനത്തിനെ സംസ്കൃതപഠനത്തിനുള്ള കേന്ദ്രമായി അംഗീകരിച്ചിരിക്കുന്നു. സുകൃതീന്ദ്ര ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന ജേർണൽ പണ്ഡിതർക്കിടയിൽ പ്രശസ്തിയാർജിച്ചിരിക്കുന്നു. ഭാരതീയ സംസ്കൃതിക്ക് മുതൽക്കൂട്ടാകുന്ന 60ൽപരം

പുസ്തകങ്ങൾ സ്ഥാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തീർച്ചയായും സ്വാമിജിയുടെ അനുഗ്രഹംകൊണ്ട് മാത്രമാണ് സ്ഥാപനത്തിന് ഈ നേട്ടങ്ങൾ എല്ലാം കൈവരിക്കാൻ സാധിച്ചത്. സ്വാമിജി ആഗ്രഹിച്ചതുപോലെ ഈ സ്ഥാപനത്തെ ഒരു മികവിന്റെ കേന്ദ്രമാക്കി ഉയർത്താൻ ഒട്ടനവധി കാര്യങ്ങൾ ഇനിയും ചെയ്യേണ്ടതുണ്ട്. സ്വാമിജിയുടെ ഈ ആഗ്രഹം സഫലീകൃതമാക്കേണ്ടത് ശിഷ്യരായ നാം ഓരോരുത്തരുടേയും കർത്തവ്യമാണ്. ജീവന്മുക്തി കൈവരിച്ച നമ്മുടെ സ്വാമിജിയുടെ ഈ ആഗ്രഹം സഫലീകൃതമാക്കുക എന്നതായിരിക്കും അവിടുത്തെ ചരണകമലങ്ങളിൽ നമുക്ക് അർപ്പിക്കാനാവുന്ന ഏറ്റവും വലിയ സമർപ്പണം.

[*മൂലകൃതി (ഇംഗ്ലീഷ്) :* ഡോ. വി. നിത്യാനന്ദ ഭട്ട്, ഡയറക്ടർ, സുകൃതീന്ദ്ര ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്.

*മലയാളം വിവർത്തനം :* ശ്രീ. വെങ്കടേശ് ജി., ഹൈസ്ക്കൂൾ അദ്ധ്യാപകൻ, ടി.ഡി. സ്ക്കൂൾ, കൊച്ചി.]